# കേരള സർവകലാശാല

സെനറ്റ് ഹൗസ് കാമ്പസ്, പാളയം, തിരുവനന്തപുരം 34

# സർവകലാശാല രജിസ്ട്രാറുടെ തസ്തികയിലേക്ക് ഓൺലൈനായി അപേക്ഷിക്കേണ്ട രീതി

## അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

- ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നതിനു മുമ്പ് റിക്രൂട്ട്മെന്റ് വെബ്സൈറ്റിലെ വിജ്ഞാപനം പൂർണ്ണമായും വായിച്ചു മനസ്സിലാക്കുക.
- അപേക്ഷാഫീസ് സർവകലാശാലയുടെ പേയ്മെന്റ് പോർട്ടൽ വഴി ഓൺലൈനായി അടച്ചതിനു ശേഷം മാത്രം രജിസ്ട്രേഷൻ തുടങ്ങുക.
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനു മുമ്പ് അതിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള സൗകര്യം ഉണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ തിരുത്തലുകൾ വരുത്തുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ വളരെ സൂക്ഷിച്ചു മാത്രം ഓരോ വിവരങ്ങളും ചേർക്കുക.
- അപേക്ഷകർ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള അവസാന തീയതിക്കു മുമ്പ് ഓൺലൈനായി മാത്രം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.
- ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുന്നതിനു മുമ്പ് സ്കാൻ ചെയ്ത ഫോട്ടോയും ഒപ്പും നിശ്ചിത വലിപ്പത്തിൽ തയ്യാറാക്കി വയ്ക്കുക
- ഫോട്ടോ .jpg ഫോർമാറ്റിലുള്ളതും വ്യക്തതയുള്ളതും 150 പിക്സൽ വീതിയും 200 പിക്സൽ ഉയരവും 40 കെ.ബി. യ്ക്കുള്ളിൽ ഉള്ളതുമായിരിക്കണം.
- ഒപ്പ് .jpg ഫോർമാറ്റിലുള്ളതും 150 പിക്സൽ വീതിയും 60 പിക്സൽ ഉയരവും 40 കെ.ബി. യ്ക്കുള്ളിൽ ഉള്ളതുമായിരിക്കണം.

## രജിസ്ട്രേഷൻ ചെയ്യേണ്ട വിധം

രജിസ്ട്രേഷൻ തുടങ്ങുന്നതിനായി സർവകലാശാലയുടെ റിക്രൂട്ട്മെന്റ് വെബ്സൈറ്റ് എടുക്കുക. (https://recruit.keralauniversity.ac.in).

അവിടെ നിന്നും രജിസ്ട്രാറുടെ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ നൽകിയിരിക്കുന്ന വിജ്ഞാപനം നന്നായി വായിച്ചു മനസ്സിലാക്കിയ ശേഷം ഓൺലൈനായി അപേക്ഷാ ഫീസ് അടച്ചതിനു ശേഷം 30 മിനിട്ട് കഴിഞ്ഞ് മാത്രം രജിസ്ട്രേഷൻ ആരംഭിക്കുക.

## രജിസ്ട്രേഷന്റെ പ്രാരംഭഘട്ടം

ആദ്യം ലഭിക്കുന്ന പേജിൽ അപേക്ഷകന്റെ പ്രാഥമിക വിവരങ്ങളും അപേക്ഷാഫീസ് അടച്ചതിന്റെ വിവരങ്ങളും നൽകുക. ഈ പേജ് പൂർത്തിയാക്കുമ്പോൾ ഒരു യൂസർ ഐഡിയും പാസ്‌വേർഡും ലഭിക്കും.

**ഓൺലൈൻ രജിസ്ട്രേഷൻ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ കമ്പ്യൂട്ടർ തകരാർ മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ രജിസ്ട്രേഷൻ തടസ്സപ്പെട്ടാൽ ഈ യൂസർ ഐഡി-യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം രജിസ്ട്രേഷൻ തുടരാവുന്നതാണ്. അതിനായി പുതിയ രജിസ്ട്രേഷൻ ആരംഭിക്കേണ്ടതില്ല.**

ഈ പേജിൽ നിന്നും ലഭിക്കുന്ന ലോഗിൻ ലിങ്കിൽ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

## രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങൾ

- **Adding personal details**
- **Adding Educational and Research Details**
- **Adding Photo and Signature**
- **Adding Experience details**
- **Adding Miscellaneous details**
- **Verification and Correction of entered details**
- **Final Submit**

## അപേക്ഷാ സമർപ്പണത്തിന്റെ അവസാന ഘട്ടം.

FINAL SUBMIT എന്ന ബട്ടൺ ക്ലിക്ക് ചെയ്തു കഴിയുമ്പോൾ ലഭിക്കുന്ന പൂർത്തിയായ അപേക്ഷയുടെ പേജ് പ്രിന്റ് എടുത്ത് തുടർ ആവശ്യത്തിനായി ഉപയോഗിക്കുക.